പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2612 | 10.12.2014- ൽ മറുപടിക്ക് |

## നിരോധിച്ച ലഹരി വസ്തുക്കളുടെ വില്പന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ മിക്ക കടകളിലും നിരോധിച്ച പാൻ മസാലകൾ വലിയ വിലയ്ക്ക് വിൽപ്പന നടത്തുന്നുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരോധിച്ച ലഹരി വസ്തുക്കൾ വിൽക്കുന്നത് കണ്ടെത്തുന്നതിന് കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) | പാൻമസാല, ഗുഡ്ക തുടങ്ങിയ പുകരഹിത പുകയില ഉല്പന്നങ്ങൾക്ക് നിരോധനം ഉണ്ടെങ്കിലും ചില കേന്ദ്രങ്ങളിൽ ഇതിന്റെ വിപണനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിത ഉല്പന്നങ്ങൾ വിൽപന നടത്താൻ സാധ്യതയുള്ള സ്ഥലങ്ങൾ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിരന്തരമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതും കണ്ടെത്തുന്ന സാധനങ്ങൾ നശിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ കുറ്റക്കാരായവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | അനധികൃത ലഹരി വസ്തുക്കൾ വിറ്റതിന് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കടയുടമകൾക്കെതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അനധികൃത ലഹരി വസ്തുക്കൾ വിറ്റതിന് എന്തു ശിക്ഷാ നടപടികളാണ് കടയുടമകൾക്ക് നൽകിയത് എന്ന് വ്യക്തമാക്കാമോ; | ബി) | ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം 2 കേസ്സുകൾ നിലവിലുണ്ട്, കൂടാതെ 2,72,000 രൂപ പിഴ ശിക്ഷയായും ഈടാക്കിയിട്ടുണ്ട്. സേഫ് കേരള കാമ്പയിന്റെ ഭാഗമായി പുകയില ഉല്പന്നങ്ങൾ അനധികൃതമായി വിറ്റതിന് 54,000 ത്തോളം കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. COPTA, PDNPT, കേരള അബ്കാരി ആക്ട്, കെ. പി. ആക്ട് എന്നിവ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച വരുന്നു. |
| സി) | അനധികൃത ലഹരി മരുന്ന വില്പനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിയമത്തിന്റെ പഴുതുകൾ തടസ്സമാകാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; എങ്കിൽ ഇത് | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ Drugs Control Act പ്രകാരം 2 മില്ലി ഗ്രാമിൽ താഴെ നിക്കോട്ടിൻ അടങ്ങിയ ചുയിംഗ് ഗമ്മിന് വിൽപന ലൈസൻസ് ആവശ്യമില്ലാത്തത് ഇത്തരം ചുയിംഗ് ഗം വിൽക്കുന്നവർക്കെതിരെ കേസ്സ് എടുക്കുന്നതിന് ബാധിക്കുന്നുണ്ട്. അനധികൃത ലഹരി മരുന്ന് വില്പനയ്ക്കെതിരെ COPTA, NDPS, കേരള |

| | | | |
|---|---|---|---|
| | ഒഴിവാക്കാൻ നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ വിശദാംശങ്ങൾ നൽകുമോ? | | അബ്കാരി ആക്ട്, കെ. പി. ആക്ട് എന്നിവ പ്രകാരമാണ് നിയമ നടപടി സ്വീകരിച്ചുവരുന്നത്. ഇതിലെ ചില ജാമ്യ വ്യവസ്ഥകളും നിർവ്വചനങ്ങളും നിയമനടപടി സ്വീകരിക്കുന്നതിൽ പഴുതായി വിലയിരുത്തുന്നുണ്ട്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**